അടിയന്തരപ്രമേയം

## നെല്ലിയാമ്പതി വനഭൂമി

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രശ്നം നമ്മുടെ ഡിമാന്റ് ചർച്ചയിൽ വളരെ വിശദമായി ഉന്നയിക്കുകയും വളരെ വിശദമായിത്തന്നെ മന്ത്രി മറുപടി പറയുകയും ചെയ്തതാണ്. ദിവസങ്ങൾക്കുശേഷം ആ വിഷയം അടിയന്തര പ്രമേയമായി വന്നത് ശരിയല്ലെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. അതിനുപുറമേ ഈ പ്രശ്നം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലുള്ള വിഷയവുമാണ്. കോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയം നിയമസഭ ഒരു പ്രാവശ്യം ചർച്ച ചെയ്തിട്ടും വീണ്ടും ആ പ്രശ്നം വരുന്നത് ശരിയല്ല. പക്ഷേ ഈ വിഷയം അടിയന്തര പ്രമേയമായി വരികയും അതിന് മറുപടി പറയാൻ ഗവൺമെന്റ് തയ്യാറാകുകയും ചെയ്ത സാഹചര്യത്തിൽ ഇത് അനുവദിക്കുന്നു. ഇതെല്ലാം മനസ്സിലാക്കി അവതരിപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്.

1909-ലും 1933-ലും റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതും 2004-ൽ സുപ്രീംകോടതി വനഭൂമി മാത്രമാണെന്ന് വിധി പ്രസ്താവിച്ചിട്ടുള്ളതുമായ നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റിൽ നിന്നും പോബ്സ് ആന്റ് എസ്റ്റേറ്റ് കമ്പനി വാങ്ങിയ 786 ഏക്കർ ഭൂമിക്ക് കരം തീർക്കുന്നതിന് നടപടിക്രമങ്ങളൊന്നും പൂർത്തിയാക്കാതെ വനം വകുപ്പ് എൻ.ഒ.സി. നൽകിയിരിക്കുന്നതിനാൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം

ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എ.കെ. ബാലൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഈ വിഷയം ഡിമാന്റ് ചർച്ചയിൽ വന്നതാണ്. അന്ന് വിശദമായിട്ടുള്ള മറുപടി പറയുകയും ചെയ്തതാണ്. പക്ഷേ അടിയന്തരപ്രമേയമായി വന്നതുകൊണ്ട് സ്വാഭാവികമായും ആവർത്തിച്ചുള്ള ചർച്ചയാണിത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സ്റ്റാന്റ് ഞാൻ പറയാം. പോബ്സ് ആന്റ് എസ്റ്റേറ്റ് ഉടമസ്ഥതയിലുള്ള നെല്ലിയാമ്പതിയിലെ കരുണാ പ്ലാന്റേഷൻ, സീതാർകുടി എസ്റ്റേറ്റ് എന്നിവയാണ് ഇതിലെ പരാമർശ വിഷയം. ഈ പശ്ചാത്തലം വിശദീകരിക്കുന്നതിനുമുമ്പ് കരുണാ പ്ലാന്റേഷനെന്ന് ഇപ്പോൾ അറിയപ്പെടുന്ന സീതാർകുടി എസ്റ്റേറ്റ് നെല്ലിയാമ്പതി റിസർവിന കത്ത് പാട്ടവ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന 53 എസ്റ്റേറ്റുകളിൽപ്പെട്ടതല്ല, അക്കാര്യം പ്രത്യേകമായി കാണണം. ഈ എസ്റ്റേറ്റ് സ്ഥിതിചെയ്യുന്നത് വനഭൂമിയിലല്ല. മറിച്ച് നെല്ലിയാമ്പതി ഫോറസ്റ്റ് റിസർവിന് പുറത്താണ്. അതാണ് ഇതിനകത്തെ പ്രധാനപ്പെട്ട ഒരുകാര്യം. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെത്തുടർന്ന് 1994-ൽ ഉടമസ്ഥർക്ക് റെസ്റ്റോർ ചെയ്ത എസ്റ്റേറ്റാണിത്. 919 ഏക്കർ വിസ്തീർണ്ണമുണ്ടായിരുന്ന ഈ എസ്റ്റേറ്റ് സർക്കാരിന് അവകാശപ്പെട്ട നിക്ഷിപ്തവനമായി 84 ഏക്കർ സ്ഥലം ഒഴിവാക്കിയാണ് റെസ്റ്റോറേഷൻ നട

ന്നിട്ടുള്ളത്. സർക്കാർ 2000–ൽ റിവ്യൂ പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചു. അത് അനുവദിച്ചില്ല. സുപ്രീംകോടതിയിൽ എസ്.എൽ.പി. പോയി. ഒമ്പത് വർഷത്തിനുശേഷമാണ് എസ്.എൽ.പി. പോയത് എന്നുള്ളതുകൊണ്ടും ഒരു ടൈം ലിമിറ്റേഷൻ ഉണ്ടായിരുന്നതുകൊണ്ടും സുപ്രീംകോടതി അംഗീകരിക്കുകപോലും ചെയ്തില്ല. വനം വകുപ്പും എസ്റ്റേറ്റ് ഉടമയും തമ്മിൽ മിസലേനിയസ് ട്രസ്റ്റ് അപ്പീലിൽ സീതാർകുടി എസ്റ്റേറ്റിലെ 350 ഏക്കർ സ്ഥലം സംബന്ധിച്ച് തർക്കമുണ്ടായിരുന്നില്ല. ഒ.എ.യ്ക്കകത്തും ആദ്യമായി കൊടുത്ത ഒറിജിനൽ സ്യൂട്ടിനകത്തും ഈ പറയുന്ന തർക്കം നിലവിലില്ലായിരുന്നുവെന്നാണ് രേഖകളിൽ നിന്ന് മനസ്സിലാകുന്നത്. അവശേഷിക്കുന്ന ഭൂമി രേഖയിൽ വനമായി കിടന്നതിനാൽ വനം വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാത്തതിനാൽ 2007–ൽ നടന്ന റീസർവ്വേയ്ക്ക് ശേഷം എൻ.ഒ.സി.യ്ക്കുവേണ്ടി വനംവകുപ്പിൽ അപേക്ഷിച്ചു. എൻ.ഒ.സി.യ്ക്കുവേണ്ടി, ലാന്റ് ടാക്സ് അടയ്ക്കുന്നതിനുവേണ്ടി ഭൂവുടമ തഹസീൽദാർക്ക് പെറ്റീഷൻ കൊടുക്കുന്നു. തഹസീൽദാർ എൻ.ഒ.സി. നൽകുന്നതിനുവേണ്ടിയുള്ള അപേക്ഷയുമായി വനം വകുപ്പ് ഉദ്യോഗസ്ഥരെ സമീപിക്കുന്നു. അതിനുശേഷം ഇതിനെ സംബന്ധിച്ച് പിന്നീട് പ്രശ്നങ്ങളുണ്ടായി. ഇത്തരം കാര്യങ്ങൾ തീരുമാനിക്കുന്നതിന് 02-01-2013–ൽ ഉത്തരമേഖലാ അഡീഷണൽ പ്രിൻസിപ്പൽ ഫോറസ്റ്റ് ചീഫ് കൺസർവേറ്ററും ജില്ലാ പോലീസ് സൂപ്രണ്ടും ഗവൺമെന്റ് പ്ലീഡറുമുൾപ്പെടെ അംഗങ്ങളായ ഒരു കമ്മിറ്റിയെ രൂപീകരിച്ചിരുന്നു. അവരുടെ ടേംസ് ഓഫ് റഫറൻസും മറ്റു കാര്യങ്ങളും കഴിഞ്ഞ പ്രാവശ്യം മറുപടി പറഞ്ഞപ്പോൾ പറഞ്ഞതാണ്. അത് റെക്കോർഡിലുമുണ്ട്. 29-08-2013–ൽ ഈ കമ്മിറ്റിയുടെ യോഗം ചേർന്നിട്ടുണ്ട്. 21-03-2014–ൽ

യോഗം ചേർന്ന് ആ യോഗത്തിൽ ഡിസ്ട്രിക്ട് സർവ്വേ സൂപ്രണ്ട് ഫീൽഡ് വെരിഫിക്കേഷൻ നടത്തി പത്തുദിവസത്തിനുള്ളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ സമ്മതത്തോടുകൂടി ടാക്സ് സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യാൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ഇതെല്ലാം ആ കമ്മിറ്റി യുടെ പ്രോസസ് ആയിട്ടാണ് വന്നിരിക്കുന്നത്. തർക്കം വന്നു, അതിനായി ഒരു കമ്മിറ്റിയെ വച്ചു, ആ കമ്മിറ്റി രണ്ടുപ്രാവശ്യം യോഗം ചേർന്നു. യോഗം ചേർന്നതിനുശേഷം അവർ ടാക്സ് സ്വീകരിക്കണോ വേണ്ടയോയെന്ന് തീരു മാനിക്കുന്നതിനുവേണ്ടി രണ്ട് ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ സമ്മതത്തോടെ ഡിസ്ട്രിക്ട് സർവ്വേ സൂപ്രണ്ട് ഫീൽഡ് വെരിഫിക്കേഷൻ നടത്തിയതിന്റെയ ടിസ്ഥാനത്തിൽ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടു ത്തി. ഡിസ്ട്രിക്ട് സർവ്വേ സൂപ്രണ്ടും ഗവൺമെന്റ് പ്ലീഡറും ടാക്സ് പിരി ക്കുന്നതിനുള്ള എൻ.ഒ.സി. കൊടുക്കാൻ നെന്മാറ ഡി.എഫ്.ഒ.യെ ചുമതലപ്പെ ടുത്തുകയാണുണ്ടായത്. അതിന്റെയടിസ്ഥാനത്തിൽ നെന്മാറ ഡി.എഫ്.ഒ. ആക്ട് ചെയ്തു. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിൽ നിന്ന് വിശദമായ ഒരു നിയമോപദേശം വാങ്ങിയിട്ടുണ്ട്. ഇവിടെ ഈ പേപ്പർ മേശപ്പുറത്ത് വയ്ക്കാൻ പറ്റുമോയെന്ന് ബഹുമാനപ്പെട്ട എ.കെ. ബാലൻ അന്ന് ചോദിച്ച പ്പോൾ ഞാൻ ആ പേപ്പറുകളെല്ലാം മേശപ്പുറത്ത് വച്ചിരുന്നു. മേശപ്പുറത്ത് വച്ച കൂട്ടത്തിൽ അദ്ദേഹത്തിന്റെ രണ്ടാമത്തെ കത്തും അഡ്വക്കേറ്റ് ജനറ ലിന്റെ അംഗീകാരമുള്ള ഒരു ഡോക്യുമെന്റും കൂടി വയ്ക്കണമെന്നുപറഞ്ഞു. അതും മേശപ്പുറത്ത് വച്ചിട്ടുണ്ട്. അതിനകത്ത് ശ്രീ. എം.പി. മാധവൻകുട്ടി, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ, ശ്രീ. ടോം.കെ. സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ റ്റു അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. പി. ദണ്ഡ

പാണി, 10-02-2014-ന് അദ്ദേഹം അപ്രൂവ് ചെയ്തിട്ടുള്ള രേഖയും ഞാൻ ഈ മേശപ്പുറത്ത് വച്ചിട്ടുണ്ട്. മറ്റുവിശദമായ രേഖകൾ പരിശോധിച്ചപ്പോൾ സീതാർകുടി എസ്റ്റേറ്റിൽ 48.50 ഏക്കർ സ്ഥലത്ത് ശരിയായ ഉടമസ്ഥാവകാശ രേഖയില്ലാത്തതിനാലും 13.50 ഏക്കർ സ്ഥലം ബിന്റ് ബെൽറ്റ് ഇ.എഫ്.എൽ. ഭൂമിയിൽ ഉൾപ്പെടുത്തുന്നതിനാലും അതുകഴിച്ച് 776.69 ഏക്കർ സ്ഥലത്ത് നിബന്ധനകൾക്ക് വിധേയമായി കരം വാങ്ങുന്നതിന് വിരോധമില്ലെന്ന രീതിയിലുള്ള കത്താണ് 28-04-2014-ൽ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചിറ്റൂർ അഡീഷണൽ തഹസീൽദാരെ ഏൽപ്പിച്ചത്. ഈ രണ്ട് രേഖകളും മേശപ്പുറത്തുവച്ചിട്ടുണ്ട്. ഇതാണ് ഇതിന്റെ ബാക്ക് ഗ്രൗണ്ടായി വരുന്നത്. ഈ ബാക്ക് ഗ്രൗണ്ടിൽ എത്തുന്നതിനുവേണ്ടി അവർ കണ്ടെത്തിയിട്ടുള്ള നിഗമനങ്ങളെല്ലാം അങ്ങേയ്ക്ക് നൽകിയിട്ടുള്ള രേഖകളിൽ വിശദമായിത്തന്നെയുണ്ട്. അവിടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി യുനാനിമസായിട്ടുള്ള തീരുമാനമെടുക്കുകയും ചെയ്തുവെന്നാണ് രേഖകളിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത്. ആ കമ്മിറ്റി പരിശോധിക്കേണ്ടതെല്ലാം പരിശോധിച്ചിട്ടുണ്ടാകാം. അതിനുശേഷം അഡ്വക്കേറ്റ് ജനറലിന്റേയും രണ്ട് ഗവൺമെന്റ് പ്ലീഡർമാരുടെയും നിയമോപദേശത്തോടുകൂടി, അഡ്വക്കേറ്റ് ജനറലിന്റെ അംഗീകാരത്തോടുകൂടി അവർ എടുക്കുകയാണുണ്ടായത്. എൻ.ഒ.സി. കൊടുക്കുന്നതിനുവേണ്ടി അഡീഷണൽ തഹസീൽദാരെ ഏൽപ്പിക്കുമ്പോൾ അവർ അതിനകത്ത് വ്യക്തമായി പറഞ്ഞിരിക്കുന്നത്, കണ്ടീഷണൽ എൻ.ഒ.സി. കൊടുക്കാൻ കാരണം അവരുടെ കയ്യിൽ അപ്പോൾ കിട്ടിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ഈ നിഗമനത്തിൽ എത്തുകയാണെന്നും ഇതിനെക്കാൾ വ്യത്യസ്തമായി എന്തെങ്കിലും രേഖകൾ എത്തുകയാണെന്നു

വരികിൽ ഇത് നിലനിൽക്കില്ല എന്നുള്ള രൂപത്തിലാണ്. അതുകൊണ്ടാണിന് കൺക്ലൂസീവ് എൻ.ഒ.സി. അല്ല, കണ്ടീഷണൽ എൻ.ഒ.സി.യാണെന്ന് ഞാൻ പറഞ്ഞത്. അതൊരു കമ്മിറ്റിയുടെ തീരുമാനമായിരുന്നു. ആ തീരുമാനത്തിന് നിയമത്തിന്റെ എല്ലാ വേദിയിലും അപ്രൂവൽ കിട്ടിയിട്ടുണ്ട്. അതിന്റെയടിസ്ഥാ നത്തിലാണ് ഇത് നൽകിയതെന്നാണ് എനിക്ക് ഈ രേഖകളിൽ നിന്നെല്ലാം മനസ്സിലാകുന്നത്. അത് ഞാനിവിടെ ബോദ്ധ്യപ്പെടുത്തുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു ഭൂമി തട്ടിപ്പിന്റെ ഞെട്ടിപ്പിക്കുന്ന ചിത്ര മാണ് ഈ അടിയന്തര പ്രമേയത്തിന്റെ അവതരണാനുമതിയുമായി ബന്ധപ്പെ ട്ടുകൊണ്ട് സൂചിപ്പിക്കാനുള്ളത്. ഭരണകക്ഷി എം.എൽ.എ.ആയ ശ്രീ. റ്റി. എൻ. പ്രതാപൻ ഇതുമായി ബന്ധപ്പെട്ട് ഒരു കത്ത് ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിക്ക് ഇതിനകംതന്നെ നൽകിയിട്ടുണ്ട്. മുൻ വനം, പരിസ്ഥിതി വകുപ്പു മന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ പത്ര-ദൃശ്യ മാദ്ധ്യമങ്ങളോട് ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ശക്തമായ ഭാഷയിലാണ് പ്രതികരിച്ചത്. എന്റെ കുടുംബം കലക്കിയവരും മന്ത്രിസ്ഥാനം തെറിപ്പിച്ചവരും ഇതിന്റെ പിന്നിലുള്ള വരാണെന്ന് അദ്ദേഹം പറയുകയും ചെയ്തു. 28-06-2014-ന് പാലക്കാട് ഡി. ഡി.സി. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കി. ആ പ്രമേയത്തെ പിൻതാങ്ങിയത് ശ്രീ. വി. റ്റി. ബൽറാം എ.എൽ.എ.യുമാണ്. കൂടാതെ ഇന്ന് ഈ അടിയന്തര പ്രമേയത്തിന് പ്രധാനപ്പെട്ട അടിസ്ഥാനം ഈ ഗവൺമെന്റ് കണ്ടില്ലെന്ന് നടിച്ച 12-08-2011-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഗവൺമെന്റ് പ്രിൻസിപ്പൽ സെക്ര ട്ടറിക്ക് അയച്ച കത്ത് ഇവർ മുക്കിയെന്നുള്ളതാണ് എനിക്ക് മനസ്സിലാക്കാൻ

കഴിഞ്ഞത്. ആ രേഖ ഇവർ പരിശോധിച്ചില്ല. അതാണ് ഈ അടിയന്തര പ്രമേയത്തിന് പ്രധാനപ്പെട്ട കാരണം. 28-04-2014-ാം തീയതിയാണ് പാലക്കാട് ജില്ലയിലെ നെന്മാറ ഡി.എഫ്.ഒ. നെല്ലിയാമ്പതിയിൽ സർവ്വേ നമ്പർ 492, 493-ൽപ്പെട്ട 314.45 ഹെക്ടർ (786 ഏക്കർ) ഭൂമിക്ക് എൻ.ഒ.സി. കൊടുത്തത്. ചിറ്റൂർ അഡീഷണൽ തഹസിൽദാർക്ക് കണ്ടീഷണലായിട്ടല്ലാതെ പട്ടയം നൽകുന്നതിനും കരം വാങ്ങുന്നതിനും നിർദ്ദേശം കൊടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ കരുണാ പ്ലാന്റേഷൻ (പോബ്സ് ആന്റ് എസ്റ്റേറ്റ്) 2,27,980/- രൂപ കുടിശ്ശിക കരം കൊടുത്തുകഴിഞ്ഞു. കൈവശാവകാശ രേഖ കൊടുക്കുകയും പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഈ സർവ്വേ നമ്പരിൽപ്പെട്ട കുറച്ച് സ്ഥലം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെതന്നെ ഇപ്പോൾ ഒ.എ. 3/07 ആയി ഇ.എഫ്.എൽ. ട്രിബ്യൂണലിൽ വിചാരണയിലുമാണ്. ഡി.എഫ്.ഒ. (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) എടുത്ത തീരുമാനം എല്ലാ നിയമ വ്യവസ്ഥകൾക്കും കീഴ്വഴക്കങ്ങൾക്കും എതിരാണ്. ഇത് ഗവൺമെന്റിനെതിരായിട്ടുള്ള, ജനങ്ങൾക്കെതിരായിട്ടുള്ള ഒരു വെല്ലുവിളിയാണ്. നെന്മാറ ഡി.എഫ്.ഒ. ഈ ഒരു തീരുമാനമെടുത്തത് കേവലം ഒരു ഉദ്യോഗസ്ഥനെന്ന നിലയിൽ മാത്രമായിരുന്നില്ല, വലിയ സമ്മർദ്ദം അദ്ദേഹത്തിന്റെ മുകളിൽ ഉണ്ടായിട്ടുണ്ട്. വിവാദപരമായ ഈ ഭൂപ്രശ്നം അന്വേഷിക്കാൻ ഒരു എട്ടംഗ കമ്മിറ്റിയെ ശ്രീ. കെ. ബി. ഗണേഷ് കുമാർ മന്ത്രിയായിരുന്നപ്പോൾ ചുമതലപ്പെടുത്തി. അതിനുള്ള കാരണം, നെല്ലിയാമ്പതിയിലെ 880 ഏക്കറിലധികം വരുന്ന വനഭൂമി അനധികൃതമായും വ്യാജരേഖ ചമച്ചും കരുണാ പ്ലാന്റേഷൻസ് എന്ന സ്വകാര്യ തോട്ടമുടമകൾ കൈവശം വെച്ചിരിക്കുന്നു. സമയബന്ധിതമായി കേസുകൾ

നടത്താത്തതിനെപ്പറ്റിയും കേസ് നടത്തിപ്പിൽ 1990 മുതലിങ്ങോട്ട് വീഴ്ചകൾ വരുത്തിയതിനെക്കുറിച്ചും സ്വകാര്യ തോട്ടക്കാർ അനധികൃതമായി വീണ്ടും ഭൂമി കൈവശപ്പെടുത്തിയതിനെക്കുറിച്ചും അന്വേഷണമാവശ്യപ്പെട്ടുകൊണ്ട് 12 –08–2011–ൽ കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആ റിപ്പോർട്ട് ഇവർ പൂഴ്ത്തിവച്ചു. ഇത് സംബന്ധിച്ച് ഒരു പ്രത്യേക ടീം ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് 02 –01–2013–ന് നിലവിൽ വന്നു. ഇതിനോടനുബന്ധിച്ച് ടേംസ് ഓഫ് റെഫ റൻസും ഗവൺമെന്റ് നൽകി. ഇതിന് കടകവിരുദ്ധമായാണ് ഗവൺമെന്റ് എട്ടംഗ സമിതിയെ വച്ച് അന്വേഷണം നടത്തിയത്. 12–08–2011–ാം തീയതി അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഗവൺമെന്റിനയച്ച കത്തിൽ പരാമർശിക്കുന്ന ഗുരുതരമായ വീഴ്ചകൾ കമ്മിറ്റി പരിശോധിച്ചില്ല. മറിച്ച് തോട്ടമുടമകൾക്കനുകൂലമായ റിപ്പോർട്ടുണ്ടാക്കി യുദ്ധകാലാടിസ്ഥാന ത്തിൽ എൻ.ഒ.സി. കൊടുക്കാൻ ഡി.എഫ്.ഒ.യ്ക്ക് നിർദ്ദേശം കൊടുത്തു. മാത്രമല്ല, ശരിയായ നിയമോപദേശം നൽകേണ്ട ഫോറസ്റ്റ് കേസ് നടത്തുന്ന ഗവൺമെന്റ് പ്ലീഡറും അഡ്വക്കേറ്റ് ജനറലും പോബ്സ് ആന്റ് പ്ലാന്റേഷൻ ഉട മയെ സഹായിക്കുന്ന വിചിത്രമായ നിയമോപദേശമാണ് നൽകിയത്. നിയ മോപദേശം കേട്ടാൽത്തന്നെ ചിരിച്ചുപോകും. നിയമോപദേശവുമായി ബന്ധ പ്പെട്ടുകൊണ്ട് അവസാനം പറയുന്ന ഒരു വാചകം ഇതാണ്, 'If any anomalies are found in the future, the officials are free to take necessary action against the Karuna Plantations.' ഫ്യൂച്ചറിൽ കാണാതെ ഇപ്പോൾ തന്നെ ഇതുമായി ബന്ധ പ്പെട്ടുകൊണ്ടുള്ള അനോമലീസ് എന്താണെന്ന് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സൂചിപ്പിച്ചിട്ടുണ്ട്. എന്തുകൊണ്ട് ആ രേഖ പരിശോധിച്ചില്ല; ആ

രേഖ പരിശോധിച്ചിരുന്നുവെങ്കിൽ ഈ നിയമോപദേശം കൊടുക്കില്ലായിരുന്നല്ലോ; ഫ്യൂച്ചറിൽ ഇനി എന്തെങ്കിലും ഉണ്ടെങ്കിൽ ഇപ്പോൾ കൊടുത്തത് നിങ്ങൾ പിൻവലിക്കാൻ പറ്റില്ല. കാരണം, പട്ടയം കൊടുക്കാൻ തീരുമാനിച്ചാൽ കോടതിയിൽ പോയാലും കുറെ വർഷം കഴിയും. അതുവരെ ഈ സ്ഥലം അവരുടെ കൈവശമിരിക്കും. 21–03–2014–ാം തീയതിയാണ് എട്ടംഗ കമ്മിറ്റി ധൃതിപിടിച്ച് കരുണാ പ്ലാന്റേഷനനുകൂലമായ ശുപാർശ നൽകുന്നത്. തൊട്ടടുത്ത മാസം 28–04–2014–ാം തീയതി ഫോറസ്റ്റ് എൻ.ഒ.സി. കൊടുക്കുന്നു. ഒരു മാസത്തിനുള്ളിലാണ് എൻ.ഒ.സി. കൊടുക്കുന്നത്. നികുതി വാങ്ങി, പോക്കുവരവ് ചെയ്ത്, പട്ടയം കൊടുക്കുന്നു. എന്തൊരു വേഗതയിലാണ് കാര്യങ്ങൾ നീങ്ങിയത്. എന്റെ മണ്ഡലത്തിലെ വേലായുധൻ എന്നൊരാൾക്ക് രണ്ടര ഏക്കർ സ്ഥലം ജന്മംതീറായി കിട്ടി. എന്നാലത് ഇ.എഫ്.എൽ. ആയി. രണ്ട് കൊല്ലമായി അതിന്റെ പിന്നാലെ നടക്കുകയാണെങ്കിലും ഇന്നേവരെ എൻ.ഒ.സി. കൊടുത്തിട്ടില്ല. ഇവിടെ എൻ.ഒ.സി. കൊടുക്കുന്നത് 786 ഏക്കർ ഭൂമിക്കാണ്. എട്ടംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഭാഗമായി നിയമോപദേശം കൊടുക്കേണ്ട അഡ്വക്കേറ്റ് ജനറൽ അഡ്വാൻസായി നിയമോപദേശം കൊടുക്കുന്ന വിചിത്രമായ രീതി ഇവിടെ ഉണ്ടായി. 21–03–2014–നാണ് എട്ടംഗ കമ്മിറ്റിയുടെ ശുപാർശ വരുന്നത്. നിയമോപദേശം കൊടുക്കുന്നത് 2014 ജനുവരി മാസം 31–ാം തീയതിയിലാണ്. കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് (on perusal of the records) അതിന്റെ മുകളിൽ ലീഗൽ ഒപീനിയൻ കൊടുക്കേണ്ട അഡ്വക്കേറ്റ് ജനറൽ മൂന്ന് മാസം മുമ്പുതന്നെ ഇവിടെ നിയമോപദേശം കൊടുക്കുകയാണ് ചെയ്തത്. ഗവൺമെന്റ് നടപടിക്രമങ്ങളനുസരിച്ച് നിയമപരമായി ഫയൽ എങ്ങനെ

കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ല നിശ്ചയം ഉണ്ടാകുമല്ലോ; ഗവൺമെന്റ് നിശ്ചയിച്ച ഒരു കമ്മിറ്റി റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി കാണണ്ടേ; താങ്കളും താങ്കളുടെ വകുപ്പ് സെക്രട്ടറിയും കാണണ്ടേ; നിയമവകുപ്പിന് കൊടുക്കണ്ടേ; നിയമവകുപ്പ് വെറ്റ് ചെയ്യണ്ടേ; അത് ബന്ധപ്പെട്ട വകുപ്പ് മന്ത്രി കണ്ടതിന് ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണണ്ടേ; മുഖ്യമന്ത്രി കണ്ടതിനുശേഷം അത് ക്യാബിനെറ്റിൽ വയ്ക്കണ്ടേ; എന്തെങ്കിലും നടപടിക്രമങ്ങൾ ഇതുമായി ബന്ധപ്പെട്ട് നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; 786 ഏക്കർ ഭൂമി ഒരു ഡി.എഫ്.ഒ.ക്ക്, ഒരു കമ്മിറ്റിക്ക് കൊടുക്കാൻ പറ്റുമോ? നിങ്ങൾക്ക് കൊടുക്കാൻ പറ്റുമോ; അങ്ങനെയാണെങ്കിൽ ഈ കേരളത്തിൽ ഏത് ഭൂമിയും ഒരു ഡി.എഫ്.ഒ. വിചാരിച്ചാൽ കൊടുക്കാൻ പറ്റുമല്ലോ; ഇതൊരു പത്ത് സെന്റ് ഭൂമിയുടെ പ്രശ്നമാണോ; രണ്ട് ഏക്കർ ഭൂമി പ്രശ്നം എൽ.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ വന്നത് ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാമല്ലോ; ഒരു റിട്ടയേർഡ് പട്ടാള ഉദ്യോഗസ്ഥന് പുനരധിവാസത്തിന്റെ ഭാഗമായി രണ്ട് ഏക്കർ ഭൂമി ക്യാബിനെറ്റ് തീരുമാനമനുസരിച്ചുകൊടുത്ത അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരായി നിങ്ങൾ വിജിലൻസ് കേസെടുത്തില്ലെ; അത് ക്യാബിനറ്റ് തീരുമാനിച്ചതാണ്. ഇതിന് ക്യാബിനറ്റിന്റെ തീരുമാനമുണ്ടോ; ഇത് 786 ഏക്കർ ഭൂമിയാണ്. ഇത് due process of law-ൽ ആണ് കൊടുത്തതെങ്കിൽ എന്തുകൊണ്ട് ക്യാബിനെറ്റ് തീരുമാനിച്ചില്ല; എന്തുകൊണ്ട് നിയമ സെക്രട്ടറിയും ബഹുമാനപ്പെട്ട മന്ത്രിയുടെ സെക്രട്ടറിയും കണ്ടില്ല; ഫോറസ്റ്റ് സെക്രട്ടറി നിയമിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് ഫോറസ്റ്റ് സെക്രട്ടറി കാണാതെ എൻ.ഒ.സി. കൊടുക്കാൻ എങ്ങനെ ഡി.എഫ്.ഒ.ക്ക് ധൈര്യം വന്നു? ഇതുമായി ബന്ധപ്പെട്ട് ഗുരുതര

മായ നിരവധി പ്രശ്നങ്ങളുണ്ട്. ഈ കൊള്ള എങ്ങനെ വന്നുയെന്നതിനെ സംബന്ധിച്ച് പരിശോധിക്കണം. ഭൂമിയുടെ മെരിറ്റിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കൃത്രിമ രേഖകളുണ്ടാക്കി ഫോറസ്റ്റ് ഭൂമി എങ്ങനെ കൈവശം വെക്കാൻ കഴിയുമെന്നതിനെക്കുറിച്ച് റിസർച്ച് നടത്താൻ പറ്റുന്ന ഒരു കേസാണിത്. 1890-ൽ 75 വർഷത്തെ പാട്ടത്തിനുകൊടുത്ത കൊല്ലങ്കോട് കോവിലകം ഭൂമിയുടെ പാട്ടക്കാലാവധി 1965 -ൽ അവസാനിച്ചു. ഈ പാട്ടഭൂമിയിൽ കൃത്രിമ രേഖകളുണ്ടാക്കി കൈവശം വച്ചു. 1990-ൽ പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണൽ നിന്ന് അനുകൂലമായ വിധി സമ്പാദിച്ചത് ഈ കൺകോർട്ടഡായിട്ടുള്ള റിക്കാർഡിന്റെ ഭാഗമാണ്. പത്ത് കൊല്ലം കഴിഞ്ഞതിന് ശേഷമാണ് അപ്പീൽ കൊടുക്കുന്നത്. സ്വാഭാവികമായും അത് ടൈം ബാറാണ്. എന്തുകൊണ്ട് വൈകി; മദർ ഡോക്യുമെന്റ് പ്രകാരം മുതലമട വില്ലേജിലുള്ള സ്ഥലം അതിർത്തിയും വില്ലേജും മാറ്റി മുതലമട വില്ലേജിൽ നിന്ന് പയ്യല്ലൂർ വില്ലേജിലേക്ക് മാറ്റി സർവ്വേ നമ്പർ 490, 492, 493-ൽ എത്തിച്ചു. പിന്നീട് അത് നെല്ലിയാമ്പതി വില്ലേജിലേക്ക് എത്തിച്ചു. ഇത് കണ്ടുപിടിച്ച നെന്മാറ ഡി.എഫ്.ഒ. ശ്രീ. പി. ധനേഷ് കുമാർ 13-07-2011-ൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് എഴുതിയ കത്തിൽ പറയുന്നത്, കേസ് നടത്തിപ്പിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്നാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ട് ഈ കമ്മിറ്റി പരിശോധിച്ചില്ല. അതിൽ കൃത്യമായി പറയുന്നത് ഇത് തട്ടിപ്പാണെന്നാണ്. On thorough verification of records by the Divisional Forest Officer it is found that the applicant has no title over the 919 Acres of the land presently occupied. The land involved in the OA 583/76 is a forest land which came into possession of the present occupants only due to the lack of proper

conduct of a cases in various courts. ഇതാണ് ഡി.എഫ്.ഒ.യുടെ റിപ്പോർട്ട്. രണ്ടാമതായി അദ്ദേഹം പറഞ്ഞു, It is clear that the documents produced in OA 583/76 are fabricated to suit the illegal possession of some encroachers. So the title claimed by the OA petitioner is having no legal binding. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 12-08-2011-ൽ ബഹുമാനപ്പെട്ട വനംവകുപ്പ് സെക്രട്ടറിക്ക് അയച്ച കത്തിൽ പറയുന്നു, On thorough verification of records by the Divisional Forest Officer it is found that the applicant has no title over the 919 Acres of the land presently occupied. The land involved in OA 583/76 is a forest land which came into possession of the present occupants only due to the lack of proper conduct of cases in various courts.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, പത്ത് മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് വളരെ പ്രസക്തമായിട്ടുള്ളതാണ്.

മി. സ്പീക്കർ: നിങ്ങളുടെ ആരുടെയും സഹായം ചോദിച്ചില്ല. ഏത് അടിയന്തര പ്രമേയം വരുമ്പോഴും പറയും വളരെ പ്രധാനപ്പെട്ടതാണെന്ന്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഫയൽ മുക്കിയതാണ്. അതുകൊണ്ടാണ് ഇവിടെ വായിക്കുന്നത്. ഇത് മേശപ്പുറത്ത് വയ്ക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് അനുവാദം തരണം. അദ്ദേഹം രണ്ടാമത് പറഞ്ഞു, It is clear that the documents produced in OA 583/76 are fabricated to suit the illegal possession of some encroachers. So the title claimed by the OA petitioner is having no legal binding. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വീണ്ടും പറയുകയാണ്, It is submitted that the OA applicant is not entitled to establish right, title

and interest over lands comprised in Survey No. 492, 493 and 494 of erstwhile Payyalloor Village based on certain documents. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഗവൺമെന്റിന് കൊടുത്ത ഈ കത്തിന്റെ അടിസ്ഥാനത്തിലാണ് എട്ടംഗ കമ്മിറ്റിയെ ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ നിശ്ചയിച്ചത്. ആ കമ്മിറ്റിയുടെ മുമ്പാകെ വരേണ്ട ഈ ഡോക്യുമെന്റ് ആർക്കുവേണ്ടിയാണ് മുക്കിയത്; ആരുടെ താൽപര്യം സംരക്ഷിക്കാൻ വേണ്ടിയായിരുന്നുയെന്ന് ബഹുമാനപ്പെട്ട അങ്ങയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇവിടെ നിരവധി ഭൂമി പ്രശ്നം വന്നിട്ടുണ്ട്. അതെല്ലാം നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ കൊണ്ടുവന്ന നിരവധി പ്രശ്നങ്ങളുണ്ട്. അതെല്ലാം തെറ്റാണെന്ന് ഇതുവരെ പൊതുസമൂഹവും കോടതിയും ചീഫ് സെക്രട്ടറിയും പറഞ്ഞിട്ടില്ല. കൊച്ചിയിലെ ചെലവന്നൂർ കായലിലെ ഡി.എൽ.എഫ്. കമ്പനി നിർമ്മിച്ച കെട്ടിടം, ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് വന്നപ്പോൾ പ്രതിപക്ഷം ശരിയാണെന്ന് പറഞ്ഞു.

മി. സ്പീക്കർ: അത് നമ്മൾ ചർച്ച ചെയ്തതാണ് ശ്രീ. എ. കെ. ബാലൻ.

ശ്രീ. എ. കെ. ബാലൻ: സർ, ആലപ്പുഴയിലെ വേമ്പനാട് കായൽ കയ്യേറി നിർമ്മിച്ച റിസോർട്ട്, അതിൽ സുപ്രീം കോടതി ഇടപെട്ടു. പാറ്റൂരിൽ സർക്കാർ ഭൂമി കയ്യേറി സ്വീവേജ് പൈപ്പിന്റെ മുകളിൽ പണിത കെട്ടിടം അൺഓതറൈസ്ഡ് കൺസ്ട്രക്ഷനാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് തന്നെ അറിയാവുന്നതാണ്. ചൊവ്വരയിലെ അനധികൃത കെട്ടിടവുമെല്ലാം ഇവിടെ ചർച്ചയ്ക്ക് വന്നതാണ്. ഭൂമി അങ്ങനെതന്നെ ഭൂമാഫിയയുടെ കൈയ്യിലേക്ക് പോകുന്നു. കേരളത്തിലെ ഗവൺമെന്റിനും റവന്യൂ വകുപ്പിനും അവകാശപ്പെട്ട ഭൂമി ഈ ഭരണത്തിൻ കീഴിൽ ഭൂമാഫിയയുടെ കൈയ്യി

ലേയ്ക്ക് എങ്ങനെ പോകുന്നുവെന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവാണ് ഈ പ്രശ്നം. അതുകൊണ്ട് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് മാത്രമല്ല, ആ യോഗത്തിൽ ഈ നിയമോപദേശം കൊടുത്ത അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തിയാൽ കണ്ണിൽ നിന്നും ചോര ഞങ്ങൾ വീഴ്ത്തിക്കും. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ധൈര്യമുണ്ടോ; അനധികൃതമായി കൊടുത്ത എൻ.ഒ.സി. ഈ ചർച്ചയുടെ ഭാഗമായി ഇപ്പോൾ തന്നെ റദ്ദ് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി കാണാത്ത ഒരു ഫയലാണിത്. അതുകൊണ്ട് ഈ ഫയലുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെങ്കിൽ പരിപൂർണ്ണമായും അതിന്റെ ഉത്തരവാദിത്തം അങ്ങേയ്ക്കായിരിക്കും. മാത്രവുമല്ല, ഈ ഫയൽ അങ്ങ് കാണാത്തതാണെങ്കിൽ എൻ.ഒ.സി. കൊടുത്തത് ഇപ്പോൾത്തന്നെ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ ഈ ഫയൽ കണ്ടിട്ടില്ലെന്ന് അങ്ങുതന്നെ പറഞ്ഞതുകൊണ്ട് പിന്നെ അതിനെക്കുറിച്ചൊന്നും പറയണ്ടല്ലോ. ഇത് വനം വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമിയല്ല, വനത്തിന് പുറത്തുള്ള ഭൂമിയാണ്. ഞാനത് നേരത്തെ പറഞ്ഞിരുന്നതാണ്. എനിക്കു കിട്ടിയ ഒരു ശുപാർശയനുസരിച്ച് നിക്ഷിപ്ത വനഭൂമി, ഇ.എഫ്.എൽ. എന്നീയിനങ്ങളിൽ വനംവകുപ്പിന് അവകാശപ്പെട്ട സ്ഥലമൊഴിച്ച് എസ്റ്റേറ്റിലെ മറ്റെല്ലാം വനേതര സ്വകാര്യ ഭൂമിയാണ്. അതിനാൽ ഇതിനേക്കുറിച്ചുള്ള ഉടമസ്ഥാവകാശ സംശയങ്ങളിൽ തീരുമാനമെടുക്കാനുള്ള രേഖകൾ

പരിശോധിക്കേണ്ടത് റവന്യൂ വകുപ്പാണ്. പ്രത്യേകിച്ച് 1963-ലെ ഭൂപരിഷ്ക്കരണ നിയമം വന്നതിനു ശേഷം 01/1964 ആയി വേങ്കനാട് കോവിലകം അവകാശികൾ പാലക്കാട് ജില്ലാ കോടതിയിൽ ഫയൽ ചെയ്ത പെറ്റീഷൻ സ്യൂട്ടിൽ 2003-ൽ ആണ് വിധി പ്രസ്താവിച്ചതെന്ന വസ്തുത കണക്കിലെടുമ്പോൾ ഇത്തരം ഒരു പരിശോധനയ്ക്ക് സാങ്കത്യം കൂടുന്നു. അതിനാൽ ഭൂപരിഷ്ക്കരണ നിയമ പ്രകാരം വേങ്കനാട് കോവിലകം സമർപ്പിച്ച റിട്ടേണുകളും ഡിക്ലറേഷനും പുന:പരിശോധിച്ച് സർക്കാരിന്റെ ഉടമസ്ഥതയിൽ വരേണ്ട മിച്ചഭൂമിയുണ്ടോയെന്ന് തീരുമാനിക്കേണ്ട പ്രോസസ്സ് വേറെയാണ്. അതുകൊണ്ട് അത് വനവുമായി നേരിട്ട് ബന്ധപ്പെട്ടതല്ല. എന്നാൽ അങ്ങിവിടെ പരാമർശിച്ച രണ്ട് സഹപ്രവർത്തകർ കത്ത് തന്നിരുന്നു എന്നുള്ളത് സത്യമാണ്. അവർ തന്ന കത്തിന്റെയടിസ്ഥാനത്തിൽ ഞാൻ വനം വകുപ്പിലെ 3 ഉദ്യോഗസ്ഥൻമാരെ വനം വകുപ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യമുണ്ടെങ്കിൽ അത് പരിശോധിക്കാൻ വേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹെഡ്ഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ശ്രീ. വി. ഗോപിനാഥ്, ഫോറസ്റ്റ് പ്രൊട്ടക്ഷൻ പി.സി.സി.എഫ്. ശ്രീ. സുരേന്ദ്ര നാഥ്, ഫോറസ്റ്റിലെ വിജിലൻസ് ഓഫീസർ ശ്രീ. സി. എസ്. യാലക്കി എന്നീ മൂന്ന് ഉദ്യോഗസ്ഥൻമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഫോറസ്റ്റുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ അവരന്വേഷിച്ച് റിപ്പോർട്ട് നൽകട്ടെ. അതോടൊപ്പം തന്നെ മിച്ചഭൂമി സംബന്ധിച്ചുള്ള കാര്യങ്ങൾ ഒരു കോടതി കേസുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട ചെയർ തന്നെ അടിയന്തര പ്രമേയം അനുവദിക്കുന്ന സന്ദർഭത്തിൽ പറഞ്ഞു, ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്ന്. അതിന്റെയെല്ലാം പശ്ചാത്തലത്തിൽ, സുപ്രീംകോടതിയുടെ വിധിയും നേരത്തെ പറഞ്ഞതുപോ

ലെയുള്ള നിബന്ധനകളും വച്ച് 01/1964 ആയി വേങ്കനാട് കോവിലകം അവകാശികൾ പാലക്കാട് ജില്ലാ കോടതിയിൽ ഫയൽ ചെയ്ത പെറ്റീഷൻ സ്യൂട്ട് അനുസരിച്ചുള്ള കേസുകളും എല്ലാം കൂടി ബന്ധപ്പെട്ട് അന്വേഷണം നടക്കേണ്ടത് വേറെ രൂപത്തിലാണ്. അതങ്ങനെ നടക്കട്ടെ എന്നുള്ളതാണ് എന്റെ നിഗമനം.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറും, മിനിസ്റ്ററും നേരത്തെ പറഞ്ഞതിൽ ഒന്നാമതായി ഇത് സുപ്രീം കോടതിയിൽ കിടക്കുന്ന കേസാണെന്നാണ്. രണ്ടാമതായി, സുപ്രീം കോടതിയിൽ കിടക്കുന്ന കേസിനെങ്ങനെയാണ് എൻ.ഒ.സി. കൊടുക്കുക? 12–08–2011–ന് അഡീഷണൽ പ്രിൻസിപ്പിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഇത് ഫോറസ്റ്റ് ലാന്റാണെന്ന് സ്ഥാപിക്കുന്ന റിപ്പോർട്ടാണ് ഞാനിവിടെ വായിച്ചിട്ടുള്ളത്. ആ റിപ്പോർട്ട് ഈ കമ്മിറ്റി പരിശോധിക്കാതെ..........ഫയൽ ബഹുമാനപ്പെട്ട മിനിസ്റ്റർ കണ്ടിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അക്കാര്യത്തിലേയ്ക്ക് വരുന്നതെയുള്ളു. അങ്ങ് ഇടയ്ക്ക് എഴുന്നേറ്റതുകൊണ്ടാണ് ഞാൻ വഴങ്ങിയത്. ഫയൽ കണ്ടിട്ടില്ലെന്നുള്ളത് ഞാൻ സമ്മതിച്ചല്ലോ. ഇവിടെ സീതാർകുടി എസ്റ്റേറ്റിനെപ്പറ്റി ചില സംശയങ്ങളും നിയമപ്രശ്നങ്ങളും നെന്മാറയിലെ മുൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. ധനേഷ് കുമാർ സി 2–5113/1997 ആയി 13–07–2011–ൽ പാലക്കാട് ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയ കത്തിൽ ഉന്നയിച്ചിരുന്നു. അത് അങ്ങ് പറഞ്ഞത് യാഥാർത്ഥ്യമാണ്. മുൻ കത്തിൽ ഉന്നയിച്ചിരുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ താഴെ പറയുന്നതാണ്. നേരത്തെ അങ്ങ് ഉന്നയിച്ചതുപോലുള്ള കാര്യങ്ങൾ

ശ്രീ. ധനേഷ് കുമാറിന്റെ കത്തിലും ഉന്നയിച്ചിരുന്നു. അദ്ദേഹത്തിന്റെ മേൽ പ്രസ്താവിച്ച കത്തിലെടുത്ത തുടർ നടപടികളുടെ ഭാഗമായി പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ അധീനതയിൽ വരുന്ന എല്ലാ വനഭൂമികളിലുമുള്ള ക്രമക്കേടുകൾ കണ്ടെത്താൻ ഉത്തരമേഖലാ അഡീഷണൽ പി.സി.സി.എഫ് ചെയർമാനായ ഒരു കമ്മിറ്റിയെ 02-01-2013-ൽ, GO (Rt) No. 4/2013 Forest and Wild Life നമ്പരായി രൂപീകരിച്ചു. അതിന്റെ Terms of Reference -ഉം 13-06-2013-ൽ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ജി. ഒ. നമ്പറുമുണ്ട്. ഈ രണ്ട് കാര്യങ്ങൾ അതിനോടൊപ്പം പറഞ്ഞിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു, ഇത് വനഭൂമിയല്ല, വനത്തിനു പുറമേയുള്ള ഭൂമിയാണ് ഈ തോട്ടങ്ങളെന്ന്. ഏതെങ്കിലും കാലത്ത് വനംവകുപ്പിന്റെ കൈയ്യിൽ ഈ ഭൂമി നിക്ഷിപ്തമായിരുന്നോ; ഡി.എഫ്.ഒ. എങ്ങനെയാണ് ഈ ഭൂമി വിട്ടുകൊടുത്തത്; വനംവകുപ്പിന്റെ കൈയ്യിൽ നിക്ഷിപ്തമായിരുന്ന ഭൂമിയാണോ വിട്ടു കൊടുത്തിട്ടുള്ള ഈ ഭൂമി?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡി.എഫ്.ഒ. അടക്കമുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ച കാര്യം ഞാൻ രണ്ടു പ്രാവശ്യമായി സഭയിൽ പറഞ്ഞു. ഇപ്രാവശ്യവും ആവർത്തിച്ചു പറഞ്ഞു. അതൊരു എട്ടംഗ കമ്മിറ്റിയാണ്. ആ എട്ടംഗ കമ്മിറ്റി ഡി.എഫ്.ഒ-യെ ചുമതലപ്പെടുത്തി. അവിടത്തെ സർവ്വേ ഓഫീസറും ഗവൺമെന്റ് പ്ലീഡറും ആലോചിച്ച് അവരെടുക്കുന്ന തീരുമാനം ഡി.എഫ്.ഒ.-യെ അറിയിക്കുകയും ആ തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് ഡിസിഷൻ വന്നത്. ആ തീരുമാനത്തിന്റെ മുകളിലാണ് പിന്നീടവർ ലീഗൽ ഒപ്പീനിയൻ ചോദിക്കുന്നത്. കേൾക്കു... ഞാൻ പറഞ്ഞ

ല്ലോ.......(ബഹളം)........ഞാൻ ഓരോന്നായി പറയാം. ഇത് പറഞ്ഞതിനുശേഷം ഞാൻ വഴങ്ങാം. ഇവിടെ ഈ കമ്മിറ്റിയെ രൂപീകരിക്കുമ്പോൾ..... ആ കമ്മിറ്റി യുടെ ജി.ഒ. നമ്പർ ഞാൻ പറഞ്ഞു. ആ കമ്മിറ്റി രൂപീകരിച്ചപ്പോൾ അതിന്റെ Terms of reference -ഉം പറഞ്ഞു. Terms of reference -ന് അകത്ത് റ്റി.ഒ. കൊടുക്കുന്നതിനെക്കുറിച്ച് നാലാമത്തെ Terms of reference ആയിട്ട് അവരെ ചുമതലപ്പെടുത്തിയിരുന്നു. അങ്ങനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാന ത്തിൽ അവർ രണ്ടു പ്രാവശ്യം കമ്മിറ്റി കൂടി. രണ്ടാമത്തെ പ്രാവശ്യം കമ്മിറ്റി എടുത്ത തീരുമാനത്തിലാണ് ഞാൻ പറഞ്ഞ ഈ ഭാഗം വന്നത്. അപ്പോൾ ഒരു ഗവൺമെന്റ് ഓർഡർ, അതിനുശേഷം ഒരു Terms of reference, ആ Terms of reference-ന്റെ പേരിൽ അവർ ആദ്യം ഒരു യോഗം ചേർന്നു. രണ്ടാ മത് ഒന്നുകൂടി യോഗം ചേർന്നു. യോഗം ചേർന്നതിനുശേഷം 3 പേരടങ്ങുന്ന ഒരു സബ്കമ്മിറ്റിയെ വയ്ക്കുന്നു. അവരുടെ റിപ്പോർട്ട് ഈ കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കുന്നു. ആ കമ്മിറ്റി തീരുമാനമെടുക്കുന്നു. ആ തീരുമാനം അവിടെ അവർ ഫോറസ്റ്റിന്റെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുമായിട്ട് ആലോചിക്കുന്നു. അതിനുശേഷം അവർ ഹൈക്കോടതിയിലെ അഡ്വക്കേറ്റ് ജനറലിന്റെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുമായിട്ട് ആലോചിക്കുന്നു. അതി നുശേഷം അഡ്വക്കേറ്റ് ജനറൽ അപ്രൂവ് ചെയ്യുന്നു. ഇതാണ് ആ ഫയലിന്റെ പ്രോസസ്. ഗവൺമെന്റിന്റെ മുമ്പിൽ വരാത്തതുകൊണ്ട് ഗവൺമെന്റ് എന്താണ് ചെയ്യേണ്ടതെന്ന് അങ്ങ് ചോദിച്ചിട്ടുണ്ട്. അതിനാണ് 3 അംഗങ്ങൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയെ നമ്മൾ വച്ചത്. അത് ഫോറസ്റ്റിന്റെ ഭാഗങ്ങൾ.

ഇവരെടുത്ത തീരുമാനം എൻ.ഒ.സി കൊടുക്കുന്നതിൽ വിരോധമില്ല. അങ്ങ് തന്നെ ഇവിടെ പറഞ്ഞു. ആ തീരുമാനമില്ല എന്നുപറയുന്നതിനുവേണ്ടി അവർ പറഞ്ഞത് കണ്ടീഷനാണ്, കൺക്ലൂസീവ് അല്ല. കണ്ടീഷണലായിട്ടുള്ള എൻ.ഒ.സി. ആണ്, അവരുടെ മുൻപിൽ അപ്പോൾ വന്നുപെട്ടിരിക്കുന്ന രേഖകളെല്ലാം പരിശോധിച്ചതിൽ അതുവരെയുള്ള നിയമപരമായ കാര്യങ്ങളൊക്കെ പരിശോധിച്ചതിന്റെ പേരിൽ അവർ കണ്ടീഷണലായിട്ടുള്ള ഒരു എൻ.ഒ.സി. കൊടുക്കുന്നു. അത് കൺക്ലൂസീവ് എൻ.ഒ.സി. അല്ല. .......(ബഹളം)....... ഇവിടെ ഇതുസംബന്ധമായിട്ടുള്ള രണ്ടുമൂന്ന് പ്രധാനപ്പെട്ട പ്രശ്നങ്ങൾ വരുന്നുണ്ട്. ആ പ്രശ്നത്തെക്കുറിച്ച് ഞാൻ പറഞ്ഞോട്ടെ, ഒന്ന് വനസംരക്ഷണത്തെക്കുറിച്ച് ........(ബഹളം)............ എന്റെ മുന്നിലുള്ള രേഖവച്ചേ എനിക്ക് പറയാൻ പറ്റുകയുള്ളൂ. ..........(ബഹളം)............

ശ്രീ. എ. കെ. ബാലൻ: സർ, ആരാണ് സമ്മർദ്ദം ചെലുത്തിയത്? വകുപ്പും വകുപ്പുമന്ത്രിയും സെക്രട്ടറിയും കാണാതെ എങ്ങനെയാണ് ഈ തീരുമാനം എടുത്തത് എന്നാണ് എനിക്ക് അറിയേണ്ടത്? ഇത് ഒരേക്കറോ, രണ്ടേക്കറോ ഭൂമിയുടെ വിഷയമല്ല. 786 ഏക്കർ ഭൂമിയുടെ വിഷയമാണ്. ........(ബഹളം)......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ആ ഗവൺമെന്റ് ഓർഡറിന്റെ കോപ്പി മേശപ്പുറത്ത് വച്ചിട്ടുണ്ട്...........(ബഹളം)...........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മന്ത്രിസഭ ഈ തീരുമാനത്തിന് എതിരാണെങ്കിൽ, ഗവൺമെന്റിന്റെ താൽപ്പര്യത്തിന് വിരുദ്ധമായിട്ടാണ് ഡി.എഫ്.ഒ. പ്രവർത്തിച്ചെതെങ്കിൽ ആ ഡി.എഫ്.ഒ. യുടെ പേരിൽ ഇതുവരെയും ഒരു നടപടിയും എടുക്കാത്തതെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ സഹപ്രവർത്തകരായ രണ്ടാളുകൾ അതിനെക്കുറിച്ച് കത്തുതന്നപ്പോൾ അന്വേഷണത്തിനുവേണ്ടി വച്ചിരിക്കുകയാണ്. ആ അന്വേഷണ റിപ്പോർട്ട് വരട്ടെ, .......(ബഹളം).......... എന്നെ സംബന്ധിച്ച് വളരെ ക്ലിയറായിട്ടുള്ള കാര്യം ഞാൻ പറയാം. ഈ കാര്യം മാധ്യമങ്ങളിൽ വന്നപ്പോൾ ............(ബഹളം).........

മി. സ്പീക്കർ: നിങ്ങളദ്ദേഹത്തെ സംസാരിക്കുവാൻ അനുവദിക്കൂ. ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കുവാൻ സമയം കൊടുക്കൂ. .....(ബഹളം).......... മിനിസ്റ്റർക്ക് മറുപടി പറയണ്ടേ? അങ്ങ് പറഞ്ഞുകൊള്ളൂ. നിങ്ങൾ ഒരാളിനെതിരെ എല്ലാപേരും കൂടിനിന്നാൽ എങ്ങനെയാണ് സംസാരിക്കുന്നത്, അത് ശരിയല്ല. ശ്രീ. എ. കെ. ബാലൻ ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഇവിടെ പിൻഡ്രോപ്പ് സൈലൻസായിരുന്നു. അതിന് മറുപടി പറയുവാൻ മന്ത്രിയെ സമ്മതിക്കുകയില്ലാ എന്നുപറഞ്ഞാൽ എങ്ങനെയാണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിൽ മൂന്നുകാര്യങ്ങളാണ് പ്രധാനമായും പരിശോധിക്കേണ്ടത്. അങ്ങോട്ടുമിങ്ങോട്ടുമുള്ള വാദപ്രതിവാദമായിട്ടല്ല ഞാനിത് എടുക്കുന്നത്. ഇതിനകത്ത് കേസ്സിന്റെ മെരിറ്റാണ് നമ്മൾ നോക്കേണ്ടത്. ഈ മെരിറ്റിൽ പോകുമ്പോൾ നടന്ന ചർച്ചകളിൽ നിന്ന് നമുക്ക് രണ്ടുമൂന്ന് കാര്യങ്ങളെക്കുറിച്ചാണ് ക്ലാരിറ്റി ഉണ്ടാകേണ്ടത്. ഒന്ന്, ഇതുസംബന്ധമായി വനസംരക്ഷണ നിയമത്തിനു വിരുദ്ധമായി എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ? നമ്മൾ തിരക്കേണ്ട കാര്യമാണ്. രണ്ട്, അനാവശ്യതിടുക്കം ഈ കാര്യത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ? എങ്കിൽ ആരെല്ലാമാണ് ഉത്തരവാദികൾ. മൂന്ന്, പ്രത്യേകിച്ച് ഏതെങ്കിലും ഒരാളെ വഴിവിട്ട് സഹായിക്കാനോ, അങ്ങനെ ഏതെങ്കിലും രേഖകൾ ഇതിനകത്തുണ്ടോ, അതും പരിശോധിക്കേണ്ടതാണ്.

ഇതുമൂന്നും പരിശോധിക്കുന്നതിനുവേണ്ടിയാണ് വനം വകുപ്പ് ഉദ്യോഗ സ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ആ ഉദ്യോഗസ്ഥൻമാരുടെ മറുപടി കിട്ടട്ടെ, ഇവിടെ നടന്ന ചർച്ചകളിൽ, എനിക്ക് നേരിട്ട് മറുപടി പറയുവാൻ ബാധ്യതപ്പെട്ട വിഷയങ്ങളിൽ മൂന്ന് പ്രധാനപ്പെട്ട ചോദ്യങ്ങൾ, അതിനുത്തരം ലഭിക്കണമെങ്കിൽ വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ നേരത്തേ പറഞ്ഞതു പോലെ മൂന്ന് ഉദ്യോഗസ്ഥൻമാരെ നമ്മൾ നിയോഗിച്ചിട്ടുണ്ട്. ആ ഉദ്യോഗ സ്ഥൻമാരുടെ മറുപടി വരണം. ആ റിപ്പോർട്ട് കിട്ടിയാൽ അതനുസരിച്ച് അത് സഭയെ അറിയിക്കാം. അതുകൊണ്ട് സഭ നിറുത്തിവച്ച് രണ്ടു പ്രാവശ്യം ചർച്ച ചെയ്ത ഈ വിഷയം ചർച്ചചെയ്യേണ്ട കാര്യമില്ല..........(ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരിണത്തിന്റെ അടി സ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധി ക്കുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

മി. സ്പീക്കർ: ...........(ബഹളം)........... ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുള്ളത് അദ്ദേഹം ഇവിടെ പറഞ്ഞു. .........(ബഹളം)........

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): .....(ബഹളം)..... സർ, ഇങ്ങനെയൊരു പ്രതിസന്ധി വന്നപ്പോൾ ഇതുസംബന്ധിച്ച് ബഹുമാന പ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണെന്ന് അറിയാനുള്ള താൽപ്പര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കില്ലേ; 786 ഏക്കർ ഭൂമിയുടെ തട്ടിപ്പ് നടത്തിയെന്ന് സംശയമുണ്ടെങ്കിൽ അതെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അഭിപ്രായം എന്താണെന്നുകൂടി മനസ്സിലാക്കാൻ വകുപ്പുമന്ത്രിക്ക് ബാദ്ധ്യത യില്ലേ. അങ്ങനെ ചെയ്തോ എന്നാണ് അറിയേണ്ടത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ ഈപ്രശ്നം പലപ്രാവശ്യം ഇവിടെ ചർച്ചയ്ക്ക് വന്നതാണ്. ഇന്ന് അടിയന്തരപ്രമേയമായി ഇതേവിഷയം തന്നെ വന്നപ്പോൾ യാതൊരുവിധ തടസ്സവും കൂടാതെ വീണ്ടും ചർച്ചയ്ക്ക് അനുവദിക്കുകയായിരുന്നു. റൂൾ അനുസരിച്ച് വേണമെങ്കിൽ അനുവദിക്കാതി രിക്കാമായിരുന്നു. പക്ഷേ, അതുപോലും പറഞ്ഞില്ല. കാരണം, ഏത് പ്രശ്നവും ചർച്ചയ്ക്ക് വരട്ടേ; പരസ്പരം മനസ്സിലാക്കട്ടേ എന്നുള്ള ഒരു സമീ പനമാണ് ഈ ഗവൺമെന്റിനുള്ളത്. ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ നേരത്തെയും ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. അദ്ദേഹം ഉന്നയിച്ച മൂന്നുകാര്യങ്ങൾക്കും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കമിട്ട് ഇവിടെ മറുപടി പറഞ്ഞു. പ്രതിപക്ഷം നിയമസഭയിൽ ഈ വിഷയം ഉന്നയി ക്കുന്നതിനുമുമ്പുതന്നെ ഭരണകക്ഷിയിലെ ചില എം.എൽ.എ.മാർ എന്നോടും വനം വകുപ്പുമന്ത്രിയോടും ഇക്കാര്യം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിന്റെ നിജ:സ്ഥിതി അറിയുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ശ്രീ. എ. കെ. ബാലൻ ഇവിടെ സംശയം പ്രകടിപ്പിച്ച മൂന്നുകാര്യ ങ്ങളും പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിയുന്നതിനുമുമ്പ് ആ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികളെ ക്കുറിച്ചുള്ള കാര്യങ്ങൾ പറയുന്നതാണ്. മാത്രമല്ല, നിയമാനുസൃതമായി മാത്രമേ ഈ ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. നിയമത്തി നുള്ളിൽ നിന്നുകൊണ്ട് ഗവൺമെന്റ് പ്രവർത്തിക്കുമെന്ന് മാത്രമല്ല, ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുകയും ചെയ്യും. ഈ സഭ തീരുന്നതിനുമുമ്പുതന്നെ ഇവിടെ പറഞ്ഞ മൂന്നുകാര്യങ്ങളും

പരിശോധിച്ച് അതിനെക്കുറിച്ചുള്ള വ്യക്തമായിട്ടുള്ള നയം ഈ സഭയെ അറിയിക്കും. അതുവരെ ഇപ്പോൾ കൊടുത്തിട്ടുള്ള എൻ.ഒ.സി. മരവിപ്പിക്കുകയും ചെയ്യും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇപ്പോൾ കൊടുത്തിട്ടുള്ള എൻ.ഒ.സി. മരവിപ്പിക്കുമെന്നും ഈ സഭ പിരിയുന്നതിനുമുമ്പ് ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരപ്രമേയത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല, ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല.